# ജി എച്ച് എസ് എസ് തരുവണ






# ഡിജിറ്റൽ മാഗസിൻ

# ജി.എച്ച്.എസ്.എസ്.തരുവണ

# 2018-19



കേരളത്തിലെ പൊതുവിദ്യഭ്യാസരംഗം അടിമുടി മാറ്റത്തിന്റെ പാതയിലാണ്. പൊതുവിദ്യാലയങ്ങൾ ഹൈടെക്ക് ആയി മാറിക്കഴിഞ്ഞിരിക്കുന്നു.വിദ്യാർത്ഥികൾക്ക് വിവരസങ്കേതികവിദ്യയിൽ തനതായ വികസനം സാദ്ധ്യമാക്കുന്ന പ്രസ്ഥാനമായി 'ലിറ്റിൽ കൈറ്റ്സ് 'എന്ന പേരിൽ രൂപപ്പെടുത്തിയ സംവിധാനം അനന്തമായ സാദ്ധ്യതകൾ തുറന്നിരിക്കുകയാണിന്ന്. കേരള സർക്കാരും വിദ്യാഭ്യാസ വകുപ്പും നടത്തുന്ന ഇത്തരം കരുത്തുറ്റ സംരംഭങ്ങൾ മികച്ച നേട്ടംതന്നെയാണ്.

ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ തരുവണയിലെ ലിറ്റിൽ കൈറ്റ്സ് വിഭാഗം ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.അതിന് പങ്കാളിത്തം വഹിക്കുന്ന സ്നേഹനിധികളായ വിദ്യാർത്ഥികൾക്കും നേതൃത്വവും പിന്തുണയും നൽകുന്ന അദ്ധ്യാപക സമൂഹത്തിനും നൂറ് നൂറ് ആശംസകൾ നേരുന്നു.

കെ.സി ആലി

പി.ടി.എ പ്രസിഡന്റ്

ജി.എച്ച്.എസ്.എസ് .തരുവണ



സ്നേഹമുള്ള ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളേ, കേരളം വളരുകയാണ്.പൊതു വിദ്യാഭ്യാസ രംഗത്ത് സർക്കാർ വൻപദ്ധതികൾ നല്ല രീതിയിൽ

നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്.ലിറ്റിൽ കൈറ്റ്സ് നമ്മുടെ സ്കൂളിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹവും അഭിമാനാർഹവും ആണ്.

വിവരസാങ്കേതികവിദ്യാരംഗത്ത് ഭാവിയിൽ വൻ അവസരങ്ങളാണ് കാത്തിരിക്കുന്നത്.അതിലേക്കുള്ള മികച്ച ചുവടുവയ്പ്പായി നിങ്ങൾ ഇപ്പോൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ ഞാൻ കാണുന്നു.മാഗസിൻ തയ്യാറാക്കുന്നതിന് പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾക്കും നേതൃത്വം നൽകിയും പിന്തുണച്ചും മികച്ച ഒരു പ്രവർത്തനമാക്കി മാറ്റിയ അദ്ധ്യാപകർക്കും ഭാവുകങ്ങൾ നേരുന്നു.

മനോജ് ഐ.ആർ

എച്ച്.എം

ജി.എച്ച്.എസ്.എസ് തരുവണ

# മാഗസിന് പിന്നിൽ

ചീഫ് എഡിറ്റർ :അമീന ഷഹന കെ

സബ് എഡിറ്റേഴ്സ്:ആയിഷ റാഹില

മനു ടോമി

അബ്ദുൽ നയിം

അഖില എൻ

റിഷാന പി കെ

താളുകളിലൂടെ

ചരിത്രം

പ്രളയം പടിയിറങ്ങവേ

വിവിധ ക്ലബ്ബുകൾ

HOPE IS NOT TRUTH

രണ്ട് മിനിക്കഥകൾ

മാടപ്പിറാവ്

കർഷകൻ

ചില നിമിഷങ്ങളിലൂടെ

സംഖ്യാ - സൗന്ദര്യം

*OUR SCHOOL*

നീറുന്ന കേരളം

സഫലമായ ആഗ്രഹം

മലയാളിയും കേരളവും

## കണക്കിലെ കളികൾ

## ഒരു ഫേസ് ബുക്ക് കവിതകൾ

## അടുത്തതാര്

# ചരിത്രം

വയനാട് ജില്ലയിലെ വെള്ളമുണ്ട പഞ്ചായത്തിലെ ഒരു കൊച്ചു ടൗണാണ് തരുവണ.കോഴിക്കോട്ടുനിന്ന് കുറ്റ്യാടി വഴിയും പടിഞ്ഞാറത്തറ വഴിയും ഈ കൊച്ചു ടൗണിലെത്താം. ഇവിടെ നിന്നും മാനന്തവാടി ടൗണിലേയ്ക്ക് വെറും പത്തു കിലോമീറ്റർ ദൂരം മാത്രമേയുള്ളൂ. വളരെ പുരാതനമായ ചരിത്രമുണ്ട് ഈ കൊച്ചു ടൗണിന്. പുരാതനകാലത്ത് മാനന്തവാടിയിൽ നിന്നും വൈത്തിരിയിലേയ്ക്കുണ്ടായിരുന്ന കുതിരപ്പാണ്ടി റോഡിലൂടെ പോയിരുന്ന വണ്ടികളിൽ നിന്ന് ചുങ്കം ഈടാക്കിയിരുന്ന സ്ഥലമാണിത്.തരു,അണ എന്നീ രണ്ടു വാക്കുകൾ യോജിച്ചാണ് തരുവണ എന്ന പേരുണ്ടായത്. അന്നറിയപ്പെട്ടിരുന്നത് തരുവണചുങ്കം എന്നായിരുന്നു.

അന്ന് പ്രചാരത്തിലുണ്ടായിരുന്ന നാണയമാണ് അണ. ഏകദേശം ആറേകാൽ പൈസ. വലിയ വണ്ടികൾക്ക് നാലണയും (ഇപ്പോഴത്തെ 25 പൈസ) ചെറിയവയ്ക്ക് രണ്ടണയുമാണ് ചുമത്തിയിരുന്നതെന്ന് പഴമക്കാർ പറയുന്നു.തരുവണയിൽ അക്കാലത്ത് നടക്കൽ കോരൻകുന്നൻ മൊയ്തുഹാജിയുടെ വീട്ടിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ഏകാദ്ധ്യാപക വിദ്യാലയം മാത്രമായിരുന്നു വിദ്യ നേടുന്നതിനുള്ള നാട്ടുകാരുടെ ഏക ആശ്രയം.പിന്നീട് അവർ നല്കിയ പത്തു സെന്റ് സ്ഥലത്തായിരുന്നു തരുവണ ഗവ.എൽ.പി. പ്രവർത്തിച്ചിരുന്നത്. തരുവണയിലെ അന്നത്തെ നവോത്ഥാനനായകരിൽ ഒരാളായിരുന്ന ശ്രീ. സി.എച്ച് മൊയ്തു സാഹിബ് അന്നത്തെ വിദ്യാഭ്യാസമന്ത്രിയായിരുന്ന സി.എച്ച് മുഹമ്മത് കോയയിൽ സ്വാധീനം ചെലുത്തിയാണ് ആവശ്യത്തിന് സ്ഥലമില്ലാതിരുന്നിട്ടും എൽ. പി. സ്കൂളിനെ യു.പി ആക്കി ഉയർത്തിയത്. അഡ്വ.:കെ.കെ.കുഞ്ഞബ്ദുള്ളഹാജി യു.പി.സ്കൂളിനായി പത്ത് സെന്റ് സ്ഥലം കൂടി സൗജന്യമായി നല്കി.2005 ൽ സൗദി അറേബ്യയിൽ ജോലി ചെയ്യുന്ന പ്രവാസികളായസർവ്വശ്രീ..ടി.സൂപ്പി,എ.കെ.ജമാൽ ,പി.അബ്ദുള്ള,സി.എച്ച്.മൊയ്തു,വൈശ്യൻ മജീദ്,തുടങ്ങിയവർ മുൻകയ്യെടുത്ത് തരുവണ സോഷ്യൽ വെൽഫെയർ കമ്മിറ്റി രൂപീകരിച്ചു.തരുവണയിൽ ഒരു ഉന്നതകലാലയം ഉണ്ടാവണമെന്ന ഉദ്ദേശ്യത്തോടെ വരിസംഖ്യയായി 2 ലക്ഷം രൂപ സ്വരൂപിച്ചു.അവർ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് തരുവണയിലെ പൗരപ്രമുഖരായ പി.മൊയ്തുട്ടി , സി.എച്ച്. അബ്ദുള്ള,യു.അമ്മത് ഹാജി,,പി.സൂപ്പി,കെ.സി. അലി, പി.സി.ഇബ്രാഹിം ,പി.മുഹമ്മദ്, കമ്പ അബ്ദുള്ള എന്നിവരെ ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ തുടങ്ങുന്നതിനായി സമീപിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ വിളിച്ചു ചേർത്ത പൊതുയോഗം അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ അല്ല നൂറുവർഷം പിന്നിട്ട തരുവണ ഗവ.യു.പി സ്കൂളിനെ ഹൈസ്കൂളാക്കി ഉയർത്തലാണ് പ്രധാനമെന്നു തീരുമാനിച്ചു.

ഇതിനായി പി.മൊയ്തുട്ടിചെയർമാനും കെ.സി. അലി കൺവീനറുമായി തരുവണ സോഷ്യൽ വെൽഫെയർ കമ്മറ്റി രൂപീകരിച്ചു. തരുവണയിൽ വെറും പതിനെട്ടു സെൻറ് സ്ഥലത്തു പ്രവർത്തിച്ചിരുന്ന തരുവണ ജി.യു.പി യെ അപ്ഗ്രേഡ് ചെയ്യുകയെന്നത് അത്രയെളുപ്പമായിരുന്നില്ല.

തുടർന്ന് സ്ഥലമെടുപ്പ് ഒരു വെല്ലുവിളിയായി തരുവണയിലെ ജനങ്ങൾ ഏറ്റെടുത്തു.ഓരോ വീട്ടുകാരും നിശ്ചിത വരിസംഖ്യ നല്കി പത്തുലക്ഷം രൂപ സമാഹരിച്ച് മൂന്നരയേക്ര സ്ഥലം കുറഞ്ഞ വിലയ്ക്കു വാങ്ങി സർക്കാരിന് നല്കി. സ്ഥലമുടമകളായ പള്ളിയാൽ മൊയ്തുട്ടി, പള്ളിയാൽ ഇബ്രാഹിം, പള്ളിയാൽ നിസാർ, എന്നിവരെ പ്രത്യേകം സ്മരിക്കേണ്ടതാണ് .വ്യാപാരി വ്യവസായി ഏകോപനസമിതി തരുവണയൂണിറ്റ് രണ്ടുലക്ഷം രൂപ നല്കി ഈ സദുദ്യമത്തിന് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

സർക്കാരിന്റെ നയം പുതിയ ഹൈസ്കൂളുകൾ അനുവദിക്കുന്നതിന് തടസ്സമായപ്പോൾ കുട്ടികളുടെ ബാഹുല്യം കൊണ്ടും സ്ഥലപരിമിതികൾ കൊണ്ടും പൊറുതിമുട്ടിയ വെള്ളമുണ്ട G.M.H.S.S ന്റെ ഘടനയ്ക്കുമാറ്റം വരുത്താതെ ഒരു ബ്രാഞ്ച് ഗവ.ഉത്തരവ് 5164/2003 dtd 15-12 -2003 പ്രകാരം അനുവദിച്ചപ്പോൾ തരുവണയിലെ നാട്ടുകാരുടെ ഹൈസ്കൂൾ എന്ന സ്വപ്നം ഭാഗികമായി യാഥാർത്ഥ്യമാവുകയായിരുന്നു. ഈ ഉത്തരവു പ്രകാരം 2004 ജൂൺ 4-ന് അന്നത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ നാലകത്ത് സൂപ്പി അവർകൾ ബ്രാഞ്ച് ഹൈസ്കൂൾ നാടിന് സമർപ്പിച്ചു.

## പ്രളയം പടിയിറങ്ങവേ

നിനച്ചിരിക്കാത്ത നേരത്താണ്
ജലമിരച്ചെത്തിയത്.
മതിലുകൾക്കുള്ളിൽ തളം കെട്ടിയ വെള്ളം
വഴി കാണാതെ വീട്ടിലേക്കിരമ്പിയത്.

പടിയിറങ്ങവേ പണപ്പെട്ടിയുടെ
താക്കോലെടുക്കാൻ ഭാര്യയെ ഏൽപ്പിച്ചിരുന്നു.
കുഞ്ഞുങ്ങളെ തോളിലെടുക്കുമ്പോൾ
'റെയ്ബാൻ കണ്ണാ അലമാരയ്ക്കു മുകളിൽ
ഭദ്രമായിരുന്നു.

'പട്ടിയുണ്ട് സൂക്ഷിക്കുക എന്നെഴുതിയത്
ഗേറ്റിന് മുകളിൽ തൂങ്ങിയാടുന്നുണ്ടായിരുന്നു
അയൽക്കാരനെ ആദ്യമായി കണ്ടത്
ബോട്ട് യാത്രയിലായിരുന്നു.
സോഷ്യലിസത്തിന്റെ ആദ്യപാഠങ്ങൾ
പഠിച്ചത് ക്യാംപിലായിരുന്നു.

മടങ്ങവേ പുതിയൊരു ശപഥമെടുത്തു ഞാൻ
ഇനിയുള്ള നാളുകൾ ഒരു പുതുമനുഷ്യനാവും.
വെയിൽ കനത്തപ്പോൾ വീണ്ടും ഞാനെന്നെ
വീണ്ടെടുത്തു .....പഴയ മലയാളി.




ജോഷി.കെ.ഡി
ഇംഗ്ലീഷ് അദ്ധ്യാപകൻ

HOPE IS NOT TRUTH

Hope Is Not Truth
Be Truth Without Hope
Love Is A Hope
Hope Will Kill Us

May Be You Have Hope
Hope Is In All Mint
Mind Will Be Blank With Hope
Hate The Hope

Loving Mind Is Full With Hope
Hope Will Change Into Love
Hopeful Mind Will Fail Without Love
Make Your Dreams Fulfil Without Hope



ABDUL NAYEEM 9A

# വിവിധ ക്ലബ്ബുകൾ



JRC



SCOUT



GUIDES



SPC




NSS

# രണ്ട് മിനിക്കഥകൾ

## സെൽഫി

റോഡിലൂടെ വാഹനങ്ങൾ ചീറിപ്പായുന്നു. റോഡിന്റെ ഒരുവശത്ത് ഒരു വാഹനാപകടം.ചുറ്റും ആളുകൾ തിങ്ങി കൂടിയിരിക്കുന്നു.
ചോരയിൽ കുളിച്ചു കിടക്കുന്ന യുവാവ് ജീവിതത്തോട് മല്ലടിക്കുന്നു. അതിനിടയിൽ നിന്നും ഒരു ചെറുപ്പക്കാരൻ മുന്നോട്ട് വന്ന് സെൽഫി എടുത്തു.അപ്പോൾ തന്നെ FB യിൽ പോസ്റ്റും കുറിച്ചിട്ടു, "Today's click."

## നിഴൽ

എന്നേക്കാൾ വലുതായി മുന്നിലും പിന്നിലും നീ വന്നു നിന്നപ്പോൾ
ഞാൻ ഒന്നും പറഞ്ഞില്ല. കാരണം എനിക്കറിയാമായിരുന്നു എന്നെങ്കിലും ഒരു നാൾ നീ എന്നിൽ ഒതുങ്ങുമെന്ന്.



*ആയിഷ റാഹില കെ*
9B

## മാടപ്പിറാവ്

തത്തിക്കളിച്ചും വരിനെല്ല് മെല്ലെ-
കൊത്തി കൊറിച്ചും,ചിറകിട്ടടിച്ചും
പാടത്തു കണ്ണും കരളും കവർന്ന
മാടപ്പിറാവേ,വരികെന്റരുകിൽ.

വിശുദ്ധിയല്ലാതൊരു ചിത്ത ചിന്ത
വിളഞ്ഞിടാതുള്ളൊരു നിൻമനസ്സും
നനുത്ത പൂമ്പട്ടുതൊഴും വപുസ്സും
കൊതിക്കുമേ കൊച്ചു പൈതങ്ങൾ ഞങ്ങൾ

അടുത്ത മാവിൽ ചെറുകുടി കെട്ടി-
കുടുംബസമേതം പാർപ്പതില്ലേ?
കിടാങ്ങളില്ലേ?ചെറുപാഠശാല
ചെടിപ്പടർപ്പോ?ഗുരുവാര് ചൊൽക?



സഫാ മറിയം കെ
8C

# വര





നിഷാന

8B





മാളവിക

8C

# കർഷകൻ

എന്നും പാടത്തിലൊഴുക്കുന്ന നീ

നിൻ വിയർപ്പ് പ്രാണനല്ലയോ

നീ വിയർപ്പ് തുടച്ചാലതോ

ഒരു സമാശ്വാസം മാത്രം

എന്തൊരു അഭിവാനം നിന്നിൽ



ഫാത്തിമ മിൻഹാന
8A

ഇറങ്ങുന്ന ശോദയുടെ തിളക്കം

നീ ഒരു വിളവെടുത്താൽ നിൻ-

ദാഹത്തിൻ കൊതി ഞാനാ.

## ചില നിമിഷങ്ങളിലൂടെ









# സംഖ്യാ - സൗന്ദര്യം

1 x 8 + 1 = 9

12 x 8 + 2 = 98

123 x 8 + 3 = 987

1234 x 8 + 4 =9876

12345 x 8 + 5 =98765

123456 x 8 + 6 =987654

1234567 x 8 + 7 =9876543

12345678 x 8 + 8 =98765432

123456789 x 8 + 9 =0987654321



നസ്‌ല ഇ 8A

# OUR SCHOOL

Over The Hills And Over The Mountain

There Comes a School It's G H S S Tharuvana.

The Soul of This School Is The Principal.

The Uniforms Must Be Clean And Neat.

Respect The Elders And Respect The Teachers

Respect All in same.

Teachers are kind

Students with Dream.

It makes The School Beauty.

Over The Hills And Over The Mountain

There Comes a School It's G H S S Tharuvana.



HANEENA SHERIN K

8A

# കേര നാട്

1956 നവംബർ 1 ന് കേരളം എന്ന ഹരിതമനോഹരമായ സംസ്ഥാനം പിറവികൊണ്ടു.വാസ്കോഡഗാമ കാലുകുത്തിയ ആ കാപ്പാടും, പഴശ്ശിരാജയെ പോലെ ഒട്ടനവധി മഹാവീരന്മാർ ജനിച്ചു വളർന്നതും ഈ സുന്ദര കൊച്ചു കേരളത്തിലാണ്. ഭാഷാടിസ്ഥാനത്തിൽ ഒരോ സംസ്ഥനങ്ങളും രൂപപ്പെടുത്തിയപ്പോൾ മലയാളം സംസാരിക്കുന്നവർക്കായി കേരളം രൂപികരിക്കപ്പെട്ടു.

പരസ്പര ഐക്യത്തോടും സഹായസഹകരണങ്ങളോടുകൂടിയും മലയാളികൾ ജീവിച്ചു. തങ്ങളുടെ സംസ്കാരത്തിനും കലകൾക്കും കോട്ടം വരുത്താതെ, സ്വന്തം ഭാഷയെ സ്നേഹിച്ച് നമ്മൾ ജീവിച്ചു. കേര നിരകളാലും,സുന്ദരകായലുകളാലും പച്ചപ്പിനാലും സമൃദ്ധമായിരുന്ന ഈ കേരളം പക്ഷേ ഇതിനതീതമായി കേരള തനിമയും പച്ചപ്പും നശിക്കുകയാണ്. എന്തിന് ഏറെ പറയുന്ന മനുഷ്യ ഐക്യം തികച്ചും നഷ്ട്ടപ്പെട്ടിരിക്കുകയാണ്. ചെറിയ പ്രശ്നങ്ങൾക്കായി പോലും പരസ്പ്പരം കൊലപ്പെടുത്തുകയാണ് ഇന്ന് മലയാളികൾ,മനുഷ്യമനസ്സിലെ സ്നേഹം എന്ന കണ്ണിയറ്റുപോയതാണോ? അറിയില്ല. ജാതിയും, മതവും രാഷ്ടീയവും മനുഷ്യമനസ്സുകളെ ചിലരീതിയിൽ ദുഷ്ക്കരമാക്കി.

പക്ഷേ, കേരളം ഐക്യത്തോടെ സഹവർത്തിച്ച ഒരു ദുരന്തമായിരുന്ന പ്രളയം. ഉയർച്ച താഴ്ച്ചയില്ലാതെ ജാതിമത വിവേചനമില്ലാതെ അവർ ആ പ്രളയത്തെ ഒരുമയോടെ നേരിട്ടു. കുറച്ചു കാലം മുമ്പ് കേരളത്തിൽ എത്തിയ സ്വാമിവിവേകാനന്ദൻ, കേരളത്തെ വിശേഷിപ്പിച്ചത് ഒരു ഭ്രാന്താലയമാമണ്. ഈ പ്രസ്താവന മലയാളികൾ തിരുത്തിയെഴുതി.ദൈവത്തിന്റെ സ്വന്തം നാടാക്കി അവർ കേരളത്തെ മാറ്റികുറിച്ചു.

പക്ഷേ യുവതലമുറയുടെ സഞ്ചാരം കേരളത്തിന്റെ തനി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭ്രാന്താലയം എന്ന വിശേഷണം കേരളത്തിന് ലഭിക്കും തക്കവിധം യുവജനപ്രവർത്തനങ്ങൾ നീങ്ങികൊണ്ടിരിക്കുകയാണ്.നാം ചിന്തിച്ചു പ്രവർത്തക്കേണ്ടതുണ്ട്. നല്ലൊരു നാളെയെ നമ്മുക്ക് എന്നും നിലനിർത്താം......ഇനിയുള്ള തലമുറക്കായി.



ഫഹ്മിത *10 A*

# നീറുന്ന കേരളം

കേരളം കേരളം എൻ കേരളം
കേരനിരകളാടും കേരളം
എന്നമ്മയായ മലയാളത്തിൻ കേരളം
ഐക്യവും സമത്വവും
ചേർന്നയെൻ സുന്ദരഭൂമി
ജല മല നിരകളാലും
പച്ചമേട്ടുകളാലും
കിലി കിലി കാഹളങ്ങൾ
മുഴക്കുന്ന പക്ഷികളാലും
വയലേലകളാലും
കോൺക്രിറ്റ് കാടുകളാലും
സമ്പന്നമാണെൻ കേരളം
    പടിഞ്ഞാറൻ കാറ്റും
    കിഴക്കൻ ഇളം കാറ്റും
    താഴുകുന്ന എന്നമ്മയാണെൻ കേരളം...
ഈ കേരളത്തെ ബാധിച്ച
രോഗം കാലാന്തരങ്ങൾ
കാഴിഞ്ഞാലും മാറില്ലന്നെൻ
ഈ മനസ്സു മൊഴിയുന്നു
    പറങ്കിപ്പട ചവിട്ടി
    മെതിച്ച എൻ കേരളം....
    ജാതി മത വർണ്ണ
    വിവേചനങ്ങൾക്കധിത
    മായിരുന്ന എൻ കേരളം
    നിന്നെയോർത്തെൻ മനസ്സു-
    പിടയുന്നു...............
    അറിയില്ലന്തിനിതെന്നറിയില്ല.....
എന്തു ദ്രാവിച്ചു നിനക്കെൻ
കേരളമേ...........
നിന്നെയി ദുഷ്മനുഷ്യർ
കൊല്ലുന്നുവോ
ഒന്നാർത്തു കരഞ്ഞൂടെ.....

എന്തുകൊണ്ടു നി
നിൻ വികാരങ്ങൾ മനസ്സി-
ലൊളിപ്പിക്കുന്നു
എന്തിനു  നീ ഉള്ളം
തേങ്ങി തേങ്ങി കരയുന്നു?.......



**ആഗ്നസ് മാത്യു**

## സഫലമായ ആഗ്രഹം

വഴിക്ക് വച്ച് കഴിക്കാനുള്ള പൊതിച്ചോറുമായി ഞാൻ നേരത്തെയിറങ്ങി.പുതിയ ഷർട്ടും പാന്റും ധരിച്ച് എന്റെ കുറേ നാളുകളായുള്ള ആഗ്രഹം തീർക്കാൻ വേണ്ടിയാണ് ഞാൻ പോകുന്നത് .കേരളം, കേരളമാണെന്റെ ലക്ഷ്യം .

ഫ്ലാറ്റിലുള്ള എല്ലാവരും പറയും കേരളം അതിമനോഹരമാണെന്ന് .....! അവരുടെ ഉള്ളിൽ നിന്നും വരുന്ന കേരളത്തെക്കുറിച്ചുള്ള വർണ്ണനകളും അഭിപ്രായങ്ങളും കേട്ട് എന്റെ മനസിൽ മുളച്ച് വന്ന കേരളം........ഇപ്പോൾ എന്റെ മനസിൽ കേരളം മാത്രമാണുള്ളത്.

റോഡിലുള്ള ഒരു ടാക്സി വിളിച്ച് ഞാനെന്റെ യാത്ര ആരംഭിച്ചു.

ഡ്രൈവർ ചോദിച്ചു "എങ്ങോട്ടാണ് പോകേണ്ടത്"?

"റെയിൽവേ സ്റ്റേഷനിൽ.വേഗം പോകണം"ഞാൻ ആകാംഷാഭരിതനായി പറഞ്ഞു.

"എങ്ങോട്ടാണ് ഇത്ര തിടുക്കത്തിൽ പോകുന്നത്."

"ഞാൻ കേരളം കാണാൻ പോകുന്നു."

"കേരളം കാണാനോ ?"

അതെ ,എന്താ............!

പിന്നീടയാളിൽ നിന്നും വന്ന വാക്കുകൾ എന്റെ മനസിനെ കൂടുതൽ ആകാംക്ഷാഭരിതനാക്കി.ടാക്സി സ്റ്റേഷനിലെത്തി .ഞാൻ കാറിൽ നിന്നും ഇറങ്ങി ടിക്കറ്റെടുത്ത് ട്രെയിൻ വരാൻ കാത്തിരുന്നു.പതിനഞ്ചു മിനുറ്റ് കഴിഞ്ഞു ട്രെയിൻ വന്നു.

എന്റേത് ഫസ്റ്റ് ക്ലാസ് ബോഗിയായിരുന്നു. അതിൽ കയറി ഞാൻ എന്റെ സീറ്റിലിരുന്നു. ട്രെയിൻ നീങ്ങാൻ തുടങ്ങി .ഞാൻ ചെറുതായൊന്ന് മയങ്ങി.

രണ്ടര മണിക്കൂർ വേണം കേരളത്തിലെത്താൻ..

മയക്കം കഴിഞ്ഞ് ഉണർന്നപ്പോൾ കർണാടക-കേരള അതിർത്തിയിലെത്താൻ വേണ്ടി ട്രെയിൻ കുതിക്കുന്നു.ജനാലയിലൂടെ പുറത്തേക്ക് തലയിട്ടപ്പോൾ നല്ല തണുത്ത കുളിർക്കാറ്റ്.......നറുനെല്ലിന്റെ ഗന്ധം ... നാളികേരത്തിന്റെ സുഗന്ധം .

ഷൊർണൂരിൽ ട്രെയിൻ നിർത്തി .തിരുവനന്തപുരത്തേക്കായിരുന്നു ടിക്കറ്റ് .പക്ഷേ ഞാനിവിടെ ഇറങ്ങി.

സ്റ്റേഷൻ വിട്ട് ഞാൻ പുറത്തേക്കിറങ്ങി. പച്ച പിടിച്ച ഒരു സ്വർഗലോകമാണ് ഞാൻകണ്ടത്. എവിടെ നോക്കിയാലും പച്ചവിരിച്ചത് പോലെ നെൽപാടങ്ങൾ...മരുഭൂമിയിലെ മുൾച്ചെടികൾ കാണുന്നത് പോലെ പൊങ്ങി നിൽക്കുന്ന തെങ്ങുകൾ....ഇത്രയും കാലം ഞാൻ വരാതിരുന്നത് എന്റെ ജീവിതത്തിലെ ഒരു വലിയ നഷ്ടമായിരുന്നു.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ ഞാൻ സഞ്ചരിച്ചു. എത്രയെത്ര ടൂറിസ്റ്റ് പ്ലെയ്സുകൾ... ധാരാളം കവികളും കഥാകൃത്തുകളും ജീവിച്ച നാടാണ് കേരളം.

കുറച്ചാളുകളുമായി ഞാൻ പരിചയപ്പെട്ടു.അവരിൽ നിന്നും എനിക്കൊരു കാര്യം മനസിലായി. മലയാളികൾക്ക് മലയാളം ദൈവതുല്യം ആണെന്ന്. കുന്നുകളും മലകളും കുടിലുകളും വയലുകലും ദൈവവീടാണ്. മലയാളികൾ കേരളത്തെയും മലയാളത്തെയും സ്നേഹിക്കുന്നു.എല്ലാ സ്കൂളുകളിലും മലയാളം ഫസ്റ്റ് ലാൻഗ്വേജായി പഠിക്കുന്നു.



Muhammed Ashique

**10 C**

## മലയാളിയും കേരളവും

കതിരോലകൾ തല പൊക്കിയാടുന്നു
മലഞ്ചെരുവുകൾ കതിർക്കാറ്റ് വീശുന്നു
മലയാളിയോ അതിനെ നിരസിക്കുന്നു
വയലുകൾ ഇല്ല, പച്ചപ്പില്ല,
പുതു കേരളം ഇന്ന് കൈ കൊള്ളുന്നു.........
കവി പാടിയ കേരളം................
എവിടെ ഹരിതവും പുഴകളും..............
കളകളമാടും പുഴകളും......................
കൂവിളി കൂക്കും പക്ഷികളും...............
ഇന്നിവിടെ കാണുവാനില്ലാ...........
ഉയർന്ന കെട്ടിടമോരോന്നായി
മലയാളിയുടെ മനസിൽ കെട്ടിടുന്നു
അമ്മയായ മലയാളം രണ്ടാം കിടയാവുന്നു
എല്ലാം ഇന്നിവിടെ ബഹിഷ്കരണം
ദൈവത്തിന്റെ നാടോരോന്നായി
എല്ലാവരും നശിപ്പിക്കാനൊരുങ്ങുന്നു,
അപൂർവങ്ങളിലപൂർവമായി മലയാളിയും
തലപൊക്കുന്ന ഫ്ലാറ്റുകൾ മാളുകൾ
അറിയാനുണ്ട് ഇനിയും മലയാളി
കേരമാടും കോരളത്തെ ഇനിയും പഠിക്കാനുണ്ട്
ഉയരണം കേരളം
അറിയണം മലയാളം
മലയാളി മാറണം.



*Afreeda*
***9D***

# കണക്കിലെ കളികൾ

1) തുടർച്ചയായി ഒരു നമ്പർ ഇട്ടിട്ടുള്ള 5 രൂപ നോട്ടിന്റെ ഒരു കെട്ടിൽ ആദ്യത്തെ നമ്പർ 3200 ആണ്. അവസാനത്തെ നമ്പർ 3300 ഉം എങ്കിൽ ആ കെട്ടിൽ ആകെ എത്ര രൂപയുണ്ട് ?

2) 12 വയസ്സുള്ള കരീമിന് തന്റെ സഹോദരന്റെ നസറിനേക്കാൽ മൂന്നിരട്ടി വയസ്സുണ്ട്.എപ്പോഴാണ്ണ് നാസറിന് കരീമിന്റെ വയസ്സിന്റെ പകുതിയാകുന്നകത് ?

3)ഏതാനും സ്ത്രീകൾ യാത്രപുറപ്പെട്ടു. അവരിൽ രണ്ട് ഉമ്മമാർ രണ്ട് പുത്രിമാർ, ഒരു വല്ലുമ്മ,പേരക്കുട്ടി എന്നിവരാണ്. ചുരുങ്ങിയത് എത്ര പേരുണ്ടാവും?

ഉത്തരങ്ങൾ

1)505 രൂപ

2)4 വർഷത്തിന് ശേഷം

3)3 പേർ

# നവ കേരളം എന്റെ ഭാവനയിൽ

മലയാളം എന്ന ഭാഷയെ അടിസ്ഥാനമാക്കി 1956 നവംബർ 1 കേരളം എന്ന സംസ്ഥാനം പിറവി കൊണ്ടു. നൂറ്റാണ്ടുകൾക്ക് മുമ്പേ രാജ്യഭരണം ആരംഭിച്ച തിരുവിതാംകൂർ, കൊച്ചി ,മദ്രാസിന്റെ ഭാഗമായ മലബാർ എന്നിവ ഏകോപിച്ച് കേരളം എന്ന സംസ്ഥാനം രൂപം കൊണ്ടു .1956 ൽ ഉള്ള കേരളം അല്ല 2018 ൽ ഉള്ള കേരളം. മനുഷ്യരുടെ ചിന്താഗതിക്കും ഭാവനക്കും അധീതമായ നവ കേരളം എന്ന ആശയം രൂപപ്പെട്ടു.

മലയാള ഭാഷ അടിസ്ഥാനമാക്കി വേർതിരിച്ചതാണെൻകിലും ജാതി-മത-വിവേചനം അന്നും നടന്നിരുന്നു. അതിൽ നിന്നൊക്കെ വിഭിന്നമായി നവ കേരളം മാറിയിരിക്കുന്നു. മലകളും കുന്നുകളും ഉള്ള അതിമനോഹരമായ ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കുന്ന കേരളം ഹരിത മനോഹരമായി ഇന്നും നിലകൊള്ളുന്നു. നവംബർ 1 ഏതൊരു മലയാളികൾക്കും ആഘോഷമാക്കി മാറുന്ന ഒരു ദിവസം തന്നെയാണ്.

മലയാള ഭാഷയുടെ പ്രസക്തി കൂടി ഇതിൽ നിന്ന് മനസിലാക്കാം.
അമ്മയായ മാതൃഭാഷയെ സ്നേഹിക്കുന്ന ഏതൊരു മലയാളിയിലും കേരളം എന്നത് ഒരു വികാരമാണ്. കാടും,പുഴയും,മലകളും,മരങ്ങളും നിറഞ്ഞ കേരളം ഇന്ന് വഴിമാറിയിരിക്കുന്നു. കേരളം കണ്ട ഏറ്റവും വലിയ പ്രതിസന്ധിയാണ് ഇക്കഴിഞ്ഞ പ്രളയം. ഇതൊക്കെ കേരളത്തിന്റെ മേന്മ നഷ്ടപ്പെടുത്തുന്നതാണെമൻകിലും ഇതിനൊക്കെ വഴിയൊരുക്കുന്നത് മനുഷ്യന്റെ ദുഷ്ടമനസ്സാണ്.
മരങ്ങൾ വെട്ടി നശിപ്പിക്കുകയും കുന്നുകൾ ഇടിക്കുകയും ചെയ്തു. പക്ഷേ,കേരളത്തിന്റെ ഒരുമ ഈ സംഭവത്തിൽ നിന്ന് മനസിലാക്കാം.പ്രതിസന്ധികൾ വരുമ്പോൾ ജാതി-മത-ഭേദമന്യേ
വർഗ്ഗ വിവേചനങ്ങൾ ഇല്ലാതെ ഒറ്റക്കെട്ടായി ഏതൊരു പ്രതിസന്ധിയേയുംനേരിടാൻ കഴിയും
എന്ന പാഠമാണ് കേരളീയർ ഇക്കഴിഞ്ഞ കാലം തെളിയിച്ചത്.



Najath Muhammed
**10A**

# ഒരു ഫേസ് ബുക്ക് കവിതകൾ:കടൽ ദാഹം

ചുമരിൽ
തൂക്കരുത്,

പവിഴപ്പുറ്റുകളും
ചിപ്പിയും
നീലത്തിമിംഗലവുമുള്ള
ഒരകക്കടൽ
പൊള്ളി,
സ്വപ്നം
മേഘങ്ങളായത്.....

മിച്ചം വന്ന
ആഴം
കുറുക്കിയത്
ഉപ്പുകട്ടയിലാണ്;

ഇന്ന്
തിരയടിക്കുന്നു
എൻറെ ഉപ്പിൽ -

കടൽ ദാഹം.



# മൂഷികം

മുർച്ചയുള്ള
കൂർത്ത നഖങ്ങളിലൂടെ
സുഖം അരിച്ച്
നേർത്ത നാസ രോമങ്ങൾ കൊണ്ട്
മണം പിടിച്ച്
തുരന്നു തുരന്നു
മാന്തിയിട്ട്
കുതൂഹല വഴി തെളിയ്ക്കുമ്പോൾ.......

ചിന്നൻ
ചുളൻ
തൊരപ്പൻ
പെരുച്ചാഴി
എലിയപ്പൻ....
ഗാലറികളിൽ നിന്നും ആരവങ്ങൾ കേൾക്കാറുണ്ട്!

തുരന്നതിൽ പെടും
അന്നവും
അങ്ങാടിയും
അമ്ര്തും
അടിപ്പാവാടയും....

കുട്ടികൾ
ടോം ആൻഡ് ജെറി കളിച്ചോട്ടെ,

മണി കെട്ടിയിട്ടൊന്നുമല്ല;
നാല് കാലിൽ വീണ
പൂച്ചകൾക്കും
കാണാനൊക്കില്ല,

കാരണം ഞാൻ പത്തായത്തിലാണ്;
--നിൻറെ മനസ്സിലെ!





മുഹമ്മദലി കെ ഐ
മലയാളം അദ്ധ്യാപകൻ

## അടുത്തതാര്

9+8+4=126327

7+5+2=414153
**5+6+7=815303**
**8+2+5= ?**

ഉത്തരം:1510461



Manu Tomy
9th A